

WEEKEND EDITION

# Times of America

2009
June 13

Volume 1 Issue 4

Times of America Online Weekly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@gmail.com**



അൽക്വയ്ദ തലവൻ ഒസാമ ബിൻ ലാദൻ പാകിസ്താനിൽ ജീവിച്ചിരിപ്പുണ്ടെന്നും ഉടൻ പിടികൂടുവാനാവുമെന്നും യു.എസ്.രഹസ്യാന്വേഷണ ഏജൻസിയായ സി.ഐ.എയുടെ മേധാവി ലിയോൺ പനേറ്റ വെളിപ്പെടുത്തി.



ഓസ്ട്രേലിയയിൽ ഇന്ത്യക്കാർക്കെതിരെയുണ്ടാകുന്ന വംശീയാധിക്ഷേപത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യൻ വിദ്യാർത്ഥികൾ പ്രതികാരബുദ്ധിയോടെ നിയമം കൈയ്യിലെടുക്കരുതെന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി കെവിൻ റെഡ് ആവശ്യപ്പെട്ടു.

## ശ്രീലങ്ക വാക്കു പാലിക്കണം ബാൻ കി മൂൺ

**ന്യൂയോർക്ക്:** എൽ.ടി.ടി.ഇയെ തുരത്തിയശേഷം പ്രസിഡന്റ് മഹിന്ദ രാജപക്സെ പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ പാലിക്കണമെന്ന് യു.എൻ. സെക്രട്ടറി ജനറൽ ബാൻ കീ മൂൺ വീണ്ടും ആവശ്യപ്പെട്ടു.

തമിഴ് വംശരുടെ പുനരധിവാസത്തിനും അനുരഞ്ജനശ്രമങ്ങൾക്കും നടപടി സ്വീകരിക്കണമന്നാവശ്യപ്പെട്ട കത്തെഴുതിയതായി ബാൻ കീ മൂൺ അറിയിച്ചു.

# ഇന്ത്യൻ കുട്ടികൾക്ക് ബരാക് ഒബാമയുടെ അഭിനന്ദനം

**ഷിക്കാഗോ:** യു.എസ്.കുട്ടികൾ വീഡിയോ കളിച്ചും ടിവി കണ്ടും സമയം കളയുമ്പോൾ ഇന്ത്യാക്കാരായ കുട്ടികൾ പഠിച്ചുമിടുക്കരായി മുന്നേറുകയാണെന്ന് അമേരിക്കൻ പ്രസിഡന്റ് ബരാക് ഒബാമ പറഞ്ഞു.

വിസ്കോൺസിനിൽ നടന്ന യോഗത്തിലാണ് ഒബാമ ഇപ്രകാരം അഭിപ്രായപ്പെട്ടത്.

കളിയും കാഴ്ചയും കുറച്ച് പഠനം പഴയ നിലവാരത്തിലേക്ക് കൊണ്ടുവന്നില്ലായെങ്കിൽ അപകടമാണെന്നും ഒബാമ ഓർമ്മിപ്പിച്ചു.

ഇന്ത്യയിലെയും ചൈനയിലെയും കുട്ടികളുമായി മത്സരിക്കണമെങ്കിൽ അമേരിക്കക്കാരുടെ നിലവാരം ഉയരണം. ഒരു കാലത്ത് യു.എസ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നാണ് ഏറ്റവും കൂടുതൽ ഗവേഷക വിദ്യാർത്ഥികളും എൻജിനീയർമാരും ശാസ്ത്രജ്ഞന്മാരും പഠിച്ചിറങ്ങിയിരുന്നത്. വിദ്യാഭ്യാസത്തിന്റെ കാര്യം വരുമ്പോൾ നാം ആരുടെയും മുന്നിലല്ല. ലോകം മത്സരാത്മകമായി മാറിക്കഴിഞ്ഞിരിക്കുന്നതിനാൽ മികവു തിരിച്ചുപിടിക്കണം. ചൈനക്കാരും ഇന്ത്യക്കാരും മുന്നേറുകയാണ്. സയൻസിലും കണക്കിലും നമ്മുടെ കുട്ടികൾ പിന്തള്ളപ്പെട്ടു തുടങ്ങിയതിനാൽ നിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും ബരാക് ഒബാമ അമേരിക്കൻ സമൂഹത്തെ ഓർമ്മിപ്പിച്ചു.



# വില്യം ബേൺസ് ഡോ.മൻമോഹൻ സിംഗുമായി കൂടിക്കാഴ്ച നടത്തി

**ന്യൂഡൽഹി:** അമേരിക്കൻ അണ്ടർ സെക്രട്ടറി വില്യം ബേൺസ് ഇന്ത്യൻ പ്രധാനമന്ത്രി ഡോ.മൻമോഹൻസിംഗുമായി വ്യാഴാഴ്ച കൂടിക്കാഴ്ച നടത്തി.

മുംബൈ ഭീകരാക്രമണത്തെ തുടർന്ന് നിർത്തിവച്ച ഇന്ത്യാ-പാക് ചർച്ചകൾ പുനരാരംഭിക്കണമെന്ന് ആവശ്യപ്പെടാനും അമേരിക്കയുമായുള്ള നയതന്ത്രബന്ധം സംബന്ധിച്ച ചർച്ചകൾക്കും ഹിലാരി ക്ലിന്റന്റെ ഇന്ത്യൻ സന്ദർശനത്തിന്റെ മുന്നൊരുക്കങ്ങൾക്കുമായാണ് ബേൺ നാലു ദിവസത്തെ സന്ദർശനാർത്ഥം ഇന്ത്യയിലെത്തിയത്.

പാകിസ്താനുമായുള്ള ചർച്ചകൾ പുനരാരംഭിക്കാനുള്ള എല്ലാ സഹകരണവും ഉറപ്പാക്കുമെന്ന് അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് വക്താവ് ഇയാൻ കെല്ലി വാഷിംഗ്ടണിൽ പറഞ്ഞു.

അമേരിക്കൻ പ്രസിഡന്റ് ബരാക് ഒബാമയുടെ കത്ത് പ്രധാനമന്ത്രിക്ക് കൈമാറി.

വിദേശകാര്യ മന്ത്രി എസ്.എം.കൃഷ്ണ, ആഭ്യന്തര മന്ത്രി പി.ചിദംബരം, വിദേശകാര്യ സെക്രട്ടറി ശിവശങ്കര മേനോൻ, ദേശിയ സുരക്ഷാ ഉപദേഷ്ടാവ് എം.കെ.നാരായണൻ, പ്രതിപക്ഷ നേതാവ് എൽ.കെ.അദ്വാനി എന്നിവരുമായി വില്യം ബേൺസ് കൂടിക്കാഴ്ച നടത്തി.

കേന്ദ്രത്തിൽ യു.പി.എ നേതൃത്വം നൽകുന്ന സർക്കാർ രണ്ടാം തവണയും അധികാരത്തിൽ വന്നശേഷം ഇന്ത്യ സന്ദർശിക്കുന്ന ആദ്യ അമേരിക്കൻ പ്രതിനിധിയാണ് വില്യം ബേൺസ്.



പക്ഷിക്കലഹം
ചെമ്മനം ചാക്കോ
3 

ഫോമാ സെൻട്രൽ റീജിയൻ യൂത്ത് ഫെസ്റ്റിവൽ
5 

എന്റെ ആദ്യത്തെ കഥ
സി.രാധാകൃഷ്ണൻ
7 

കോൺഗ്രസുകാർ മതിമറക്കരുത്
കൈപ്പട്ടൂർ തങ്കച്ചൻ
8  


Obama's speech to Muslims 9


Frist 15th Parliament Speech 10

## അലൻ പെൻഡേഴ്സൺ പുരസ്കാരം മോളി ജേക്കബിന്



**ജോർജ് തുമ്പയിൽ**

**ന്യൂജേഴ്സി:** അലൻ പെൻഡേഴ്സൺ പുരസ്കാരം അമേരിക്കൻ മലയാളി നഴ്സായ മോളി ജേക്കബിന്.

ഈ വർഷത്തെ നഴ്സസ് വാരാഘോഷത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ യൂണിവേഴ്സിറ്റി ഓഫ് മെഡിസിൻ ആൻഡ് ഡെന്റിസ്ട്രി (യു.എം.ഡി) ആക്ടിങ്ങ് പ്രസിഡന്റും സി.ഇ.ഒയുമായ റോബിൻ സി.വിറ്റൻസ്നീനാണ് അവാർഡ് നൽകി ആദരിച്ചത്.

ആതുര സേവനരംഗത്ത് അലൻ എം. പെഡേഴ്സൺ ന്യൂവാർക്കലെ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ റേഡിയോളജി വിഭാഗത്തിൽ സമർപ്പിത ജീവിതം നയിച്ചതിന്റെ അനുസ്മരണാർത്ഥമാണ് 2003 മുതൽ അവാർഡ് ഏർപ്പെടുത്തിയത്. 2006ലാണ് അദ്ദേഹം അന്തരിച്ചത്.

യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ 2004 മുതൽ ന്യൂറോക്രിട്ടിക്കൽ വിഭാഗത്തിൽ രോഗികളെ പരിചരിച്ചിരുന്ന മോളി ജേക്കബ് ഇപ്പോൾ സ്ട്രോക്ക് ഡിപ്പാർട്ടുമെന്റിൽ നഴ്സ് പ്രാക്ടീഷണറും കോർഡിനേറ്ററുമാണ്. ന്യൂജേഴ്സി ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് സ്ട്രോക്ക് അഡ്വൈസറി ബോർഡ് അംഗവുമാണ്.

ജേക്കബ് തരകനാണ് ഭർത്താവ്. ജിലു, ജിഷ, ജീവൻ എന്നിവർ മക്കൾ.

ന്യൂജേഴ്സിയിലെ ഈസ്റ്റ് ഹാനോവറിലാണ് താമസം.

ഫാ.മാത്യു കുന്നത്ത് ചാരിറ്റബിൾ ഫൗണ്ടേഷൻ വർക്കിംഗ് കമ്മറ്റി വൈസ് പ്രസിഡന്റുകൂടിയാണ് മോളി ജേക്കബ്.

## പ്രവാസി നാഷനൽ ഹിന്ദു കൺവൻഷൻ ജൂലൈ 10ന് ലൊസാഞ്ചലസിൽ

### വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ പ്രഖ്യാപിച്ചു

**ലൊസാഞ്ചലസ്:** പ്രവാസി നാഷനൽ ഹിന്ദു കൺവൻഷൻ ജൂലൈ 10ന് ലൊസാഞ്ചലസിൽ നടക്കും. ഇതിനു മുന്നോടിയായുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ പ്രഖ്യാപിച്ചു.

അമേരിക്കയിൽ താമസിക്കുന്ന ഓരോ മലയാളി ഹിന്ദു കുടുംബവും കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെ.എച്.എൻ.എ) സ്കോളർഷിപ്പ് പദ്ധതിയിലൂടെ നാട്ടിലുള്ള ഒരു നിർദ്ധന കുട്ടിയെ സ്പോൺസർ ചെയ്ത് ജീവകാരുണ്യ പദ്ധതി വിജയപ്പിക്കുവാനും മാതൃകാപരവുമാക്കി തീർക്കുവാനും മുന്നോട്ടു വരണമെന്ന് കെ.എച്.എൻ.എ ട്രസ്റ്റി ബോർഡ് ചെയർമാൻ ടി.എൻ.നായർ അഭ്യർത്ഥിച്ചു.

കെ.എച്.എയുടെ സന്നദ്ധ സേവന പ്രവർത്തനങ്ങൾക്കും ജീവകാരുണ്യപ്രവർത്തനങ്ങൾക്കും കൂടുതൽ സഹകരണവും പ്രോത്സാഹനവും നൽകണമെന്നും ജൂലൈ പത്ത് മുതൽ പതിമൂന്നു വരെ ലൊസാഞ്ചലസിൽ നടക്കുന്ന നാഷനൽ ഹിന്ദു കൺവൻഷൻനിൽ പേരുകൾ രജിസ്റ്റർ ചെയ്ത് പ്രവാസി ഹിന്ദുക്കളുടെ ഈ ദേശിയ കൂട്ടായ്മ വൻ വിജയമാക്കുവാൻ എല്ലാ സമുദായാംഗങ്ങളും മുന്നോട്ടു വരണമെന്നും കെ.എച്.എൻ.എ പ്രസിഡന്റ് ഡോ.രാംദാസ് പിള്ള അഭ്യർത്ഥിച്ചു.

പ്രൊഫഷനൽ കോഴ്സുകൾക്ക് പഠിക്കുന്ന പതിനേഴ് കുട്ടികൾക്ക് പ്രതിവർഷം 250 ഡോളർവീതം സ്കോളർഷിപ്പും പതിനൊന്നു പേർക്ക് സാമ്പത്തിക സഹായവുമാണ് ഈ വർഷം നൽകുന്നതെന്ന് സ്കോളർഷിപ്പ് ചെയർമാൻ പ്രസന്നൻപിള്ള അറിയിച്ചു.

അർഹരായ കുട്ടികൾക്ക് മുൻവർഷങ്ങളിൽ നൽകിയ സ്കോളർഷിപ്പുകൾ തുടർന്നും പുതുക്കി നൽകുമെന്നും അദ്ദേഹം അറിയിച്ചു.

അഗ്രാമഹൾ (ആലപ്പുഴ), അഞ്ജലി പ്രദീപ് (കൊല്ലം), അശ്വതി ജി (കോട്ടയം), അശ്വതി കെ. (കണ്ണൂർ), ദേവൻ കെ (പാലക്കാട്), ഗീതുമോൾ വി (കൊല്ലം), ജ്യോതിഷ് കുമാർ എം.വി (കോഴിക്കോട്), നീതു രാജു (കോട്ടയം), രഞ്ജിനി രാധാകൃഷ്ണൻ (എറണാകുളം), രേഷ്മ ആർ.നായർ (പത്തനംതിട്ട), രേഷ്മ സുധ എസ് (കോഴിക്കോട്), ശരണ്യ ഗണേഷൻ (വയനാട്), ശരണ്യ എസ്.നായർ (കോട്ടയം), ശാരി എ.എസ് (ആലപ്പുഴ), ശ്രുതി ചന്ദ്രൻ (തിരുവനന്തപുരം), തുഷാര ടി.നായർ (കണ്ണൂർ), വൈശാഖ് ജി. (തിരുവനന്തപുരം) എന്നിവരാണ് സ്കോളർഷിപ്പിന് അർഹരായവർ.

അനില എൽ.സി (ആലപ്പുഴ), അനുശ്രീ കെ.പി (കോഴിക്കോട്), ആതിര ജയൻ (തിരുവനന്തപുരം), മഞ്ജു കെ.പി. (കോഴിക്കോട്), നീതു പി (കോഴിക്കോട്), നിക്കു മോഹൻ (തൃശൂർ), രജിമോൾ പി.സി.(തിരുവനന്തപുരം), രേവതി ആർ.യു (തിരുവനന്തപുരം), രോഹിത് ശങ്കർ (കണ്ണൂർ), സജിൽ എം.എസ് (ഇടുക്കി), ശ്രീലക്ഷ്മി എസ്.എസ് (തിരുവനന്തപുരം) എന്നിവർക്കാണ് തുടർച്ചയായി മൂന്നാം വർഷവും കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക സ്കോളർഷിപ്പ് നല്കുന്നത്.

മുൻവർഷങ്ങളിൽ കേരളത്തിൽ വച്ചു നടക്കുന്ന പ്രത്യേക ചടങ്ങുകളിൽ വച്ചായിരുന്നു അവാർഡുകൾ വിതരണം ചെയ്തിരുന്നത്. ഇത്തവണ ജേതാക്കൾക്ക് നേരിട്ട് അവാർഡ് തുകകൾ അയച്ചുകൊടുക്കുമെന്ന് പ്രസന്നൻ പിള്ള പറഞ്ഞു.

ഇത്തവണ സ്കോളർഷിപ്പ് ഫണ്ട് പ്രതീക്ഷിച്ചതിലും കുറവാണ് ലഭിച്ചതെന്നും പഠനത്തിൽ മിടുക്കരായിട്ടുള്ള നിർദ്ധനരായ കുട്ടികളെ സഹായിക്കുവാനുള്ള കെ.എച്.എൻ.എയുടെ സംരംഭത്തിൽ കൂടുതൽ വ്യക്തികളുടെയും സംഘടനകളുടെയും പിന്തുണയും സഹകരണവും പ്രോത്സാഹനവും ഉണ്ടാവണമെന്നും പ്രസന്നൻപിള്ള സമുദായംഗങ്ങളോട് അഭ്യർത്ഥിച്ചു.



ഭരിക്കാൻ അറിയാത്തവർ അനുസരിക്കാൻ പഠിക്കട്ടെ.

– ഷേക്സ്പീയർ

*എഡിറ്റോറിയൽ*

**ജോർജ് തഴക്കര**

# വംശീയത ലോകത്തിനാപത്ത്

**ലോ**കചരിത്രത്തിലെ കറുത്ത അദ്ധ്യായമാണ് വംശീയതയുടെ പേരിലുള്ള അധിക്ഷേപവും ആക്രമണവും. ഏതൊരു സമൂഹത്തിനും വംശപരമായ പ്രത്യേകതകളും പരിമിതികളുമുണ്ട്. ഒരു വംശം മറ്റൊരു വംശത്തിൽനിന്നും വേറിട്ടുനിൽക്കുന്നതുപോലെതന്നെ അതിനെ അതിജീവിക്കുന്നതിനുള്ള ചിന്തകളാണ് ലോകത്തെ ഭരിക്കുന്നതും; ഭരിക്കേണ്ടതും. വംശീയകലാപത്തെ പരിഷ്കൃത സമൂഹം അംഗീകരിക്കുന്നില്ല. എന്നിട്ടും ആധുനിക സമൂഹത്തിൽ ഇത്തരം കലാപങ്ങൾ നടക്കുന്നു. വംശീയ ബോധത്തിന്റെ അഹന്തയിൽ നിന്നുമാണ് വംശീയത കലാപത്തിലേക്ക് വഴിമാറുന്നത്.

വംശീയ അധിക്ഷേപത്തിന്റെ പാഠപുസ്തകമാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ ജോസഫ് ആർതർ എഴുതിയ നാലു വാല്യമുള്ള 'എസ്സെ ഓൺ ദ ഇൻ ഇക്വാലിറ്റി ഓഫ് ഹ്യൂമൻ റെയ്സസ്'. വെള്ളക്കാർ മറ്റുള്ളവരേക്കാൾ മികവുറ്റവരാണെന്നും നാഗരികതയുടെ ഉച്ചകോടിയിൽ എത്തിയത് അവരുടെ പ്രത്യേകതകൊണ്ടായിരുന്നുവെന്നും വാദിക്കുന്ന കൃതിയാണിത്. ഇതിന്റെ പാർശ്വഫലമെന്നോണമാണ് ഹിറ്റ്ലർ തന്റെ ആര്യസിദ്ധാന്തം അവതരിപ്പിച്ചുകൊണ്ട് യഹൂദന്മാരെ കൂട്ടക്കൊല ചെയ്തത്. ദക്ഷിണാഫ്രിക്കയും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളും ഇതിന്റെ ദുരന്തങ്ങളിലൂടെ കടന്നുപോയിട്ടുള്ളത് വിസ്മരിക്കാനാവില്ല. ശ്രീലങ്ക ഒരു ജനതയുടെ ദുരന്തമായി നമ്മുടെ മുന്നിൽ വിലപിക്കുന്നുണ്ട്.

വംശീയവാദികൾക്ക് എതിരായും പ്രബുദ്ധമായ ലോകമനസ്സാക്ഷി ചിന്തിച്ചുതുടങ്ങി. കറുത്തവർഗ്ഗക്കാരുടെ സ്വതന്ത്ര രാഷ്ട്രങ്ങളുടെ എണ്ണം വർദ്ധിച്ചു. അന്താരാഷ്ട്ര തലങ്ങളിൽ അവരുടെ ശബ്ദം തിരിച്ചറിയാനുള്ള സാഹചര്യം കൈവന്നു.

ഫ്രാൻസ് ബോസിനെപ്പോലെയുള്ള ശാസ്ത്രജ്ഞരും ഗുർണാർ മിർദാലിനെപ്പോലെയുള്ള സാമൂഹ്യശാസ്ത്രജ്ഞരും വംശീയതയുടെ അതിപ്രസരം ഏല്പിച്ച മിഥ്യാബോധത്തെ തകർത്തെറിഞ്ഞവരാണ്.

കുടിയേറ്റം ആധുനിക സമൂഹത്തിന്റെ അവകാശമായി മാറിയിട്ടുണ്ട്. ആഗോളവത്കരണത്തിന്റെ വ്യാപനം വികസിത വികസ്വരരാജ്യങ്ങൾ തമ്മിലുള്ള അന്തരം കുറയ്ക്കുകയും ഉല്പന്നങ്ങളുടെ ക്രയവിക്രയ വാഹകരായി മനുഷ്യസമൂഹം പല രാജ്യങ്ങളിൽ വാസമുറപ്പിക്കുകയും ചെയ്തു. ഓരോ രാജ്യത്തിനും അതിന്റേതായ ഒരു ജനവിഭാഗം ഉണ്ടെങ്കിലും നരവംശശാസ്ത്രപ്രകാരം ആ വേർതിരിവിന്റെ അകലം വളരെ കുറവാണ്. ഒരു രാജ്യത്തിനും അതിന്റേതുമാത്രമായ വിഭവങ്ങൾകൊണ്ടും ജനതയെക്കൊണ്ടും മുന്നോട്ടുപോകുവാൻ കഴിയില്ല. പരസ്പര സഹകരണമാണ് രാജ്യങ്ങളുടെ വികസനത്തിന്റെ അടിസ്ഥാനം. വിഭവങ്ങൾ ഏറെയുണ്ടായിരിക്കുകയും മനുഷ്യവിഭവശേഷി കുറയുകയും ചെയ്തിരുന്നതിന്റെ പശ്ചാത്തലത്തിലാണ് മനുഷ്യന്റെ സഞ്ചാരപഥങ്ങൾക്ക് വേഗത വർദ്ധിച്ചതും ഭൂഖണ്ഡങ്ങളിൽ നിന്നും ഭൂഖണ്ഡങ്ങളിലേക്ക് കൂടുതൽ സൗകര്യാർത്ഥം സഞ്ചരിച്ചതും വാസമുറപ്പിച്ചതും.

പരസ്പരം ആദരവിന്റെ അടിസ്ഥാനത്തിൽ വംശീയത അംഗീകരിക്കപ്പെടേണ്ടതാണ്. അത് ഒരു സമൂഹത്തിന്റെ സ്വത്വത്തിന്റെ ഭാഗമാണ്. എന്നാൽ വംശീയത ഒരു താൻപോരിമയാകുമ്പോൾ, അത് ഒപ്പമുള്ളവനെ ശത്രുവായി കാണുമ്പോൾ അതിന്റെ ഫലം ദുരിതമായിരിക്കും.

ഏതു ആയുധങ്ങളെയും നിർവീര്യമാക്കാം. ഏത് ആഗ്രഹങ്ങളെയും നിയന്ത്രിക്കാം. എന്നാൽ വംശീയതയുടെ പേരിൽ തുടങ്ങുന്ന വിദ്വേഷം വിനാശകരമായിരിക്കും.

ഇന്ത്യൻ വംശജർക്ക് വിദേശങ്ങളിൽ പല പ്രതിസന്ധികളും നേരിടാറുണ്ട്. എന്നാൽ വംശീയമായി അധിക്ഷേപിച്ചുകൊണ്ട് കൂട്ടത്തോടെ ആക്രമിക്കുന്ന പ്രവണത അടുത്ത കാലത്ത് കൂടുതലായി കണ്ടുവരുന്നതിൽ നാം ഉത്കണ്ഠാകുലരാണ്.

മെൽബണിലെ തെരുവോരത്തുകൂടി നടന്നപോയ ഹരിയാന സ്വദേശി ബൽജീന്ദർ സിംഗിനെയാണ് വംശീയതയുടെ പേരിൽ ആസ്ട്രേലിയായിൽ ആദ്യം ആക്രമിക്കുന്നത്. അതിനെ തുടർന്ന് നിരവധി ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഡോ.മൻമോഹൻസിംഗ് ആസ്ട്രേലിയൻ പ്രധാനമന്ത്രിയെ ടെലിഫോണിൽകൂടി നേരിട്ട് പ്രതിഷേധം അറിയിച്ചു. ആക്രമണം ശക്തമായതിനെ തുടർന്ന് മെൽബണിൽ ഇന്ത്യൻ വംശജരായ വിദ്യാർത്ഥികൾ വൻപിച്ച പ്രകടനം നടത്തി പ്രതിഷേധിച്ചു. ഇതിനെ തുടർന്ന് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ കെയ്രാൽ വാൽഫ് ചില സുരക്ഷാ നിർദ്ദേശങ്ങൾ നൽയിട്ടുണ്ടെങ്കിലും ഫലപ്രദമായ പരിഹാരം ഉണ്ടായിട്ടില്ല. തൊണ്ണൂറ്റിയേഴായിരം ഇന്ത്യൻ വംശജരാണ് ആസ്ട്രേലിയായിലുള്ളത്. അവർ അവിടെ സംഘടിക്കുന്നതും തദ്ദേശീയർക്കെതിരെ വെല്ലുവിളി ഉയർത്തുന്നതും അഭികാമ്യമല്ല. എന്നാൽ അവരുടെ സുരക്ഷിതത്വം ആ രാജ്യം ഉറപ്പാക്കേണ്ടതുമുണ്ട്.

കാനഡയിലെ വാൻകൂറിൽ ടെന്നീസ് ജാക്മാൻ പാർക്കിൽ കളിച്ചുകൊണ്ടിരുന്ന ആറ് ഇന്ത്യക്കാർക്കെതിരെ ആക്രമണം നടത്തിയതായിട്ടാണ് ഒടുവിലത്തെ റിപ്പോർട്ട്. വംശീയതയുടെ പേരിലുള്ള അധിക്ഷേപത്തിനും ആക്രമണത്തിനും ഉടൻ പരിഹാരം ഉണ്ടാകേണ്ടതുണ്ട്.

## ഡോ. സിന്ധുപിള്ളയെ തെരഞ്ഞെടുത്തു



**ലോസ് ആഞ്ചൽസ്:** കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ ആഭിമുഖ്യത്തിൽ (കെ.എച്.എൻ.എ) ജൂലൈ 10 മുതൽ 13 വരെ ലോസ് ആഞ്ചൽസിൽ നടക്കുന്ന ഹിന്ദു മഹാസമ്മേളനത്തിന്റെ കൾച്ചറൽ കമ്മറ്റിയുടെ ചെയർ പേഴ്സണായി ഡോ. സിന്ധു പിള്ളയെ തെരഞ്ഞെടുത്തു.

ആതുര സേവന രംഗത്ത് പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ള സിന്ധു പിള്ള മികച്ച സംഘാടക കൂടിയാണ്. കഴിഞ്ഞ എ.കെ.എം.ജി കൺവൻഷനിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചിരുന്നു.

ഡോ.രാമദാസ് പിള്ളയാണ് ഭർത്താവ്. വിനായക്, വിനീഷ് എന്നിവർ മക്കൾ. കാലിഫോർണിയായിൽ താമസം.

യോഗ, പ്രഭാഷണങ്ങൾ, ഗാനമേള, സെമിനാറുകൾ, ശോഭായാത്ര, കൂടിയാട്ടം, സൗന്ദര്യമത്സരം, ക്ലാസിക്കൽ ഡാൻസ്, സിനിമാറ്റിക് ഡാൻസ്, കഥകളി തുടങ്ങിയ കലാസാംസ്കാരിക പരിപാടികളും ഗുരുജി ശ്രീ ശ്രീ രവിശങ്കറിന്റെ സദ്സംഗം, ഡോ. എ.കെ.ബി പിള്ളയുടെ പ്രത്യേക ക്ലാസുകൾ, കലാരത്നം ശ്രീജയൻ മാസ്റ്ററുടെ ഭക്തിസുധ, മിഡീയ സെമിനാറുകൾ, പ്രശംസാ ഫലകം, അവാർഡ് വിതരണം എന്നിവയും കൺവൻഷന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഡോ.സിന്ധു പിള്ള പറഞ്ഞു.

## അഴീക്കോടിനെ ഫോണിൽ വിളിച്ചയാളെ കണ്ടെത്താനായില്ല

**തൃശൂർ:** ഡോ.സുകുമാർ അഴീക്കോടിനെ മുഖ്യമന്ത്രിയുടെ ശബ്ദത്തിൽ വിളിച്ച ആളെത്തേടിയുള്ള അന്വേഷണത്തിൽ പൊലീസിനു പുതിയ തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ല.

വിളിച്ച നമ്പറുകൾ മുഴുവൻ കണ്ടെത്താനാവില്ലെന്ന സാങ്കേതിക പ്രശ്നമാണ് അന്വേഷണത്തിന് തടസ്സമായി നിൽക്കുന്നത്.

അഴീക്കോടും മുഖ്യമന്ത്രിയും തമ്മിലുള്ള വാക്കു തർക്കമാണ് ഫോൺ വിവാദത്തിനിടയാക്കിയത്.

സംശയസാഹചര്യത്തിൽ പലരേയും പൊലീസ് ഇതിനോടകം ചോദ്യം ചെയ്തു.

ദുബായ് സന്ദർശനത്തിലായിരുന്ന അഴീക്കോട് ഇന്ന് തിരിച്ചെത്തും.

## പക്ഷിക്കലഹം



**ചെമ്മനം ചാക്കോ**

"ഫോണിൽ
വിളിച്ചെന്നും
വിളിച്ചില്ലെന്നും
രണ്ടടയ്ക്കാപ്പക്ഷി"

വിളിച്ചെന്നു പറഞ്ഞതു മടയൻ പക്ഷി,
വിളിച്ചില്ലെന്നുരച്ചതു മടിയൻ പക്ഷി.
വിളിച്ചെന്ന് പറഞ്ഞപ്പോൾ
മടിയനാ മടയന്റെ
മുഖം കൊത്തിപ്പറിക്കുവാൻ
പറന്നടുത്തു.
വിളിച്ചില്ലെന്നുരച്ചു തൻ
മുഖം കൊത്തിപ്പറിക്കുന്ന
മടിയനെ മടയൻ ര-
ണ്ടടിയടിച്ചു.
അടിലെങ്കിലടി,യിട-
യ്ക്കിടിയെങ്കിലിടി, തമ്മിൽ
കടിപിടി തകർത്തുര-
ണ്ടടയ്ക്കാപ്പക്ഷി!
അതു കാണാൻ വാർത്തകൊത്തും
പറവകൾ പറന്നെത്തി,
അടയ്ക്കാപ്പക്ഷികൾ വാശി-
പെരുത്തു കൊത്തി!
അര മുക്കാൽ മണിക്കൂറിൽ
അടയ്ക്കാപ്പക്ഷികൾ ഒരു കൂട്ടിൽ
വശംകെട്ടു കാഷ്ടമിട്ടു
കിണഞ്ഞിരിപ്പായ്!
അതിലൊക്കെ വിശേഷ,
മാസമയത്തീപാട്ടു ചുണ്ടിൽ...
ചിരികുത്തി ചെമ്മനം പക്ഷി:-
"ഫോണിൽ
വിളിച്ചെന്നും
വിളിച്ചില്ലെന്നും
രണ്ടടയ്ക്കാപ്പക്ഷി"



# ഗവർണർ സാറാ പെലിനെ ആദരിച്ചു

**ലോങ് ഐലന്റ്:** മാനസിക വളർച്ച എത്താത്ത കുട്ടികളുടെ അവസ്ഥയും അവരുടെ കുടുംബങ്ങളുടെ ആവശ്യങ്ങളും പൊതുജനങ്ങളുടെയും ലോകത്തിന്റെയും ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിൽ മുൻകൈയെടുത്തു പ്രവർത്തിക്കുന്ന അലാസ്ക സംസ്ഥാന ഗവർണറും റിപ്പബ്ലിക്കൻ പാർട്ടിയുടെ മുൻ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിയുമായ ഗവർണർ സാറാ പെലിനെ ലോങ് ഐലന്റിൽ ആദരിച്ചു.

കഴിഞ്ഞ അമേരിക്കൻ തെരഞ്ഞെടുപ്പ് കാലയളവിൽ ഗവർണറുടെ മകൻ ടിഗ്ഗിന് ഡൗൺ സിൻഡ്രോം ഉണ്ടെന്നു വെളിപ്പെടുത്തുകയും മെന്റൽ റിട്ടാർഡേഷൻ സംബന്ധിച്ച വക്താവ് എന്ന നിലയിൽ പ്രവർത്തിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. ഗവർണറുടെ സംഭാവനകളെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എച്.എൽ (ഇൻഡിപെൻഡന്റ് ഗ്രൂപ്പ് ഹോം ലിവിംഗ്) എന്ന നോൺ പ്രോഫിറ്റ് സംഘടനയാണ് ഗവർണറെ ഈ വർഷത്തെ വാർഷികമേളയിൽ അവാർഡ് നൽകി ആദരിച്ചത്.

ലോങ് ഐലന്റിലെ ഫ്ളവർ ഫീൽഡിൽ നടന്ന മേളയിൽ വിവിധ ഗവൺമെന്റ് പ്രോഫിറ്റ് സംഘടനാ ഭാരവാഹികൾ പങ്കെടുത്തു.

ഇന്ത്യൻ കമ്യൂണിറ്റി നേതാവും ന്യൂയോർക്ക് സ്റ്റേറ്റ് ഓഫീസ് ഓഫ് മെന്റൽ റിട്ടാർഡേഷൻ ഫിനാൻസ് ഓഫീസറുമായ തോമസ് ടി. ഉമ്മൻ, ഭാര്യ സാറാമ്മ ടി. ഉമ്മൻ എന്നിവർ ഗവർണ്ണർ സാറാ പെലിന് ആശംസകൾ നേർന്നു.




# ഫോമ വീടുകൾ നൽകുന്നു

**ന്യൂയോർക്ക്:** കേരളത്തിലെ ഭവനരഹിതർക്കായി ഫോമാ പ്രസിഡന്റ് ജോൺ ടൈറ്റസ് ഫോമായുടെ ജീവകാരുണ്യ പദ്ധതിയിലൂടെ ഇരുപത്തിയഞ്ച് വീടുകൾ നിർമ്മിച്ചു നൽകുന്നു.



ജോൺ ടൈറ്റസിന്റെ കമ്പനിയായ എയ്റോ കൺട്രോൾസിന്റെ ഇരുപത്തിയഞ്ചാം വാർഷികം പ്രമാണിച്ചാണ് ഭവനങ്ങൾ നൽകുന്നത്.

കഴിഞ്ഞ ദശാബ്ദങ്ങളായി അമേരിക്കൻ വ്യവസായ രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിച്ച ജോൺ ടൈറ്റസ്, കുസുമം ടൈറ്റസ് ദമ്പതികൾ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ എന്നും മുൻപന്തിയിലായിരുന്നു.

ഫോമ എന്ന പ്രസ്ഥാനത്തെ അമേരിക്കൻ മലയാളികളുടെ ഇടയിൽ ശക്തിപ്പെടുത്തുന്നതോടൊപ്പംതന്നെ കേരളത്തിലെ നിരാലംബരായവർക്ക് സഹായ ഹസ്തവുമായി ഫോമ കൈകോർക്കുന്നതിന്റെ മുന്നോടിയായിട്ടാണ് ജോൺ ടൈറ്റസ് ഭവനദാന പദ്ധതിയുമായി മുന്നോട്ടു വന്നിരിക്കുന്നത്.

ഫോമ പ്രസിഡന്റിന്റെ പാത പിൻതുടർന്ന് നിരവധി അമേരിക്കൻ മലയാളികൾ ഫോമായിലൂടെ ജീവകാരുണ്യ പ്രവർത്തനം നടത്തുവാൻ മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നു.

2010 ഫെബ്രുവരിയിൽ കേരളത്തിൽ നടക്കുന്ന ഫോമാ കേരള കൺവൻഷനോടനുബന്ധിച്ച് വീടുകൾ നൽകുവാനാണ് ജോൺ ടൈറ്റസ് തയ്യാറെടുക്കുന്നത്.

ഫോമായുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഫോമ ഹെൽപ് ലൈൻ എന്ന പരിപാടിക്കും രൂപം നൽകിയിട്ടുണ്ട്.

# കമല സുരയ്യയുടെ വിയോഗത്തിൽ മിലൻ അനുശോചിച്ചു



**മിഷിഗൺ:** പ്രശസ്ത എഴുത്തുകാരി കമല സുരയ്യയുടെ നിര്യാണത്തിൽ മിഷിഗൺ ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (മിലൻ) അനുശോചിച്ചു.

മിലൻ സെക്രട്ടറി ഡോ.സുരേന്ദ്രൻ നായർ, ലാന മെമ്പർ മോഹൻ പരുവക്കാട്, ലാന വൈസ് പ്രസിഡന്റ് അബ്ദുൾ പുന്നയൂർക്കുളം, യുവകവി ശബരി, സുരേന്ദ്രൻ നായർ, വേണു നായർ, ശ്രീലേഖ വേണു, മിലൻ വൈസ് പ്രസിഡന്റ് ശ്രീകുമാർ, മൻസൂർ, മൊയ്തീൻ, വിമൽ എന്നിവർ അനുശോചന യോഗത്തിൽ പങ്കെടുത്തു.

മറ്റാരും പറയാൻ ധൈര്യപ്പെടാത്ത വിഷയങ്ങൾ ധീരമായി എഴുതുന്നതിലുള്ള കമലയുടെ പാടവം പ്രശംസനീയമാണെന്ന് ഡോ.സുരേന്ദ്രൻ നായർ അഭിപ്രായപ്പെട്ടു.

കമല എന്നും അവരുടെ നൂതന ആശയങ്ങൾകൊണ്ട് സാമൂഹ്യ പരിവർത്തനങ്ങൾ കാംക്ഷിക്കുന്ന അനുഗ്രഹീത എഴുത്തുകാരിയായിരുന്നുവെന്ന് ശ്രീകുമാർ പറഞ്ഞു.

കോളജ് പഠനകാലത്ത് കമലയുടെ എന്റെ കഥ എന്നും താല്പര്യത്തോടെ വായിച്ചിരുന്നത് സുരേന്ദ്രൻ നായർ സ്മരിച്ചു.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നിരുന്ന കമലയുടെ ബാല്യകാലസ്മരണകൾ, ഒരു വാക്കും അധികമായി തോന്നാതെ ഒഴുക്കുള്ളതായിരുന്നുവെന്ന് ശ്രീലേഖ വേണു പറഞ്ഞു.

സ്ത്രീയുടെ വ്യക്തിത്വം ചവിട്ടിയരയ്ക്കാനുള്ളതല്ലെന്ന് എഴുത്തിലൂടെ സ്ഥാപിച്ച മാധവിക്കുട്ടിയുടെ ഓർമകൾ മലയാളി മനസ്സിൽ എന്നും നിലനിൽക്കുമെന്ന് മോഹൻ പരുവക്കാട് പറഞ്ഞു.

സ്ത്രൈണ വികാരങ്ങൾ ശക്തമായ ഭാഷയിൽ സുരയ്യയെപ്പോലെ തുറന്നെഴുതുവാൻ കഴിവുള്ള എഴുത്തുക്കാർ നമുക്ക് അധികമില്ലെന്നും പുന്നയൂർക്കുളത്തിന് കമല വലിയൊരു മുതൽക്കൂട്ടായിരുന്നുവെന്നും അവരുടെ വിയോഗം ലോകത്തിന് തന്നെ നഷ്ടമാണെന്നും അബ്ദുൾ പുന്നയൂർക്കുളം പറഞ്ഞു.

# യു.കെയിൽ ക്നാനായ കാത്തലിക് കൺവൻഷൻ

സഖറിയ പുത്തൻകളം

**മാൽവെൺ ഹിൽസ്:** യു.കെ.ക്നാനായ കാത്തലിക് അസോസിയേഷന്റെ എട്ടാമത് കൺവൻഷനോടനുബന്ധിച്ചുള്ള റജിസ്ട്രേഷൻ കിക്കോഫ് 21ന് മാൽവെൺ ഹിൽസിലെ ഒക്ടഗാൻ കമ്യൂണിറ്റി സെന്ററിൽ നടക്കും. ഉച്ചകഴിഞ്ഞ് രണ്ടിന് നടക്കുന്ന റജിസ്ട്രേഷൻ കിക്കോഫിൽ യു.കെ. കെ.സി.എ ഭാരവാഹികളും യൂണിറ്റ് പ്രതിനിധികളും പങ്കെടുക്കും.

ആഗസ്റ്റ് 22ന് നടക്കുന്ന വാർഷിക സമ്മേളനത്തിൽ യു.കെ. കെ.സിഎയുടെ ആറ് റീജിയനിൽ നിന്നും 34 യൂണിറ്റുകളിൽ നിന്നുമായി നാലായിരത്തിലധികം ക്നാനായ കത്തോലിക്കർ പങ്കെടുക്കും.

രാവിലെ 10.30ന് ദൈവദാസന്മാരോടുള്ള അനുസ്മരണ ബലിക്ക് മാർ ഏബ്രഹാം വിരുത്തിക്കുളങ്ങര മുഖ്യകാർമികത്വം വഹിക്കും.

മാർ ജോർജ് പള്ളിപ്പറമ്പിൽ, ഫാ.സെബാസ്റ്റ്യൻ അരീക്കോട്, കോട്ടയം രൂപതാംഗങ്ങളായ വൈദികർ തുടങ്ങിയവർ സഹകാർമികത്വം വഹിക്കും.

തുടർന്ന് ഉച്ചകഴിഞ്ഞ് റാലിയും പൊതുസമ്മേളനവും കലാവിരുന്നും ഉണ്ടായിരിക്കുന്നതാണ്.




വംശീയ ആക്രമണങ്ങൾ സംബന്ധിച്ച് അന്വേഷണം വേണമെന്ന് ആവിശ്യപ്പെട്ട് ഇന്ത്യൻ വിദ്യാർത്ഥികൾ മെൽബണിൽ നടത്തിയ പ്രതിഷേധ റാലിയിൽനിന്നും..

**PLOT FOR SALE**

പിറവം- കോലഞ്ചേരി റൂട്ടി ൽ ഏഴക്കരയിൽ 38 സെന്റ് സ്ഥലം വില്പനയ്ക്ക്.

ഫോൺ: 267-991-2111 + 9447144984

LearnMatics®
where learning matters
P. O. Box No. 1645, Blue Bell, PA 19422
Phone: 1-877-888-6754
Email: info@learnmatics.com
www.learnmatics.com
LIVE ONE TO ONE TUTORING
$100 PER MONTH
OVER THE INTERNET
CALL TODAY
EXPERTISE
MATH, PHYSICS, CHEMISTRY, BIOLOGY, ENGLISH, SAT, AP, ACT AND MUCH MORE

# ഫോമാ സെൻട്രൽ റീജിയൻ യൂത്ത് ഫെസ്റ്റിവലും രജിസ്ട്രേഷൻ കിക്കോഫും വിജയം



**ഷിക്കാഗോ:** ഫോമാ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ നടന്ന യൂത്ത് ഫെസ്റ്റിവലും, നാഷനൽ കൺവൻഷന് മുന്നോടിയായുള്ള റജിസ്ട്രേഷൻ കിക്കോഫും പ്രൗഢഗംഭീരമായി.

മെയ് 30ന് രാവിലെ 9ന് നാഷനൽ സെക്രട്ടറി ജോസി കുരിശിങ്കൽ, റീജിനൽ വൈസ് പ്രസിഡന്റ് ജോസഫ് പനങ്ങാട്, റീജിനൽ യൂത്ത് ഫെസ്റ്റിവൽ ചെയർമാൻ ഗ്ലാഡ്സൺ വർഗീസ്, സാം ജോർജ്, സ്റ്റാൻലി കളരിക്കമുറി, ദീപു കണ്ടാരപ്പള്ളി എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി യൂത്ത് ഫെസ്റ്റിവലിനു തുടക്കം കുറിച്ചു.

രാവിലെ 9.30ന് ആരംഭിച്ച മത്സരങ്ങൾ വൈകിട്ട് ആറിന് സമാപിച്ചു.

പാട്ട്, നൃത്തം, പ്രസംഗം, ഫാൻസി ഡ്രസ്, ഇൻസ്ട്രമെന്റൽ മ്യൂസിക്, സ്പെല്ലിംഗ് ബീ, ഡ്രോയിംഗ്, പെയ്ന്റിംഗ്, കളറിങ് എന്നീ വിഭാഗത്തിലായി വിവിധ പ്രായപരിധിയിലുള്ളവർക്കായി പ്രത്യേക മത്സരങ്ങൾ നടന്നു.

മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾക്ക് പുറമെ ജൂലൈ 25ന് ഫ്ളോറിഡയിലെ ടാമ്പയിൽ നടക്കുന്ന ഫോമാ ദേശീയ യൂത്ത് ഫെസ്റ്റിവലിൽ മത്സരിക്കുവാനുള്ള യോഗ്യതയും ലഭിച്ചു. റീജിനൽ മത്സരങ്ങളിൽ ഇലിനോയിയിൽ നിന്നും ഇന്ത്യാനയിൽ നിന്നും മത്സരാർത്ഥികളും പങ്കെടുത്തു.

2010 ജൂലൈ 1 മുതൽ 5വരെ ലാസ് വെഗാസിൽ അരങ്ങേറുന്ന രണ്ടാമത് ഫോമാ നാഷനൽ കൺവൻഷന്റെ മുന്നോടിയായുള്ള സെൻട്രൽ റീജനിലെ റജിസ്ട്രേഷൻ കിക്കോഫ് സമ്മേളനം വൈകിട്ട് 7ന് ആരംഭിച്ചു. സിനിമാതാരം മേനക സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഫോമ ജനറൽ സെക്രട്ടറി ജോൺ സി.വർഗീസ്, ജോയിന്റ് സെക്രട്ടറി ജോസി കുരിശിങ്കൽ, റീജിനൽ വൈസ് പ്രസിഡന്റ് ജോസ് പനങ്ങാട്, യൂത്ത് ഫെസ്റ്റിവൽ റീജിനൽ ചെയർമാൻ ഗ്ലാഡ്സ്റ്റൻ വർഗീസ്, ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ലെജി പട്ടരുമഠം, കേരള കൾച്ചറൽ അസോസിയേഷൻ വൈസ് പ്രസിഡന്റ് പ്രസാദ്, ഐ.എം.എ. എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സാം ജോർജ്, സ്റ്റാൻലി കളരിക്കമുറി, ദീപു കണ്ടാരപ്പള്ളി എന്നിവർ പങ്കെടുത്തു.

ജോസ് കുരിശിങ്കൽ സ്വാഗതം പറഞ്ഞു. ജോസ് പനങ്ങാട് അദ്ധ്യക്ഷത വഹിച്ചു. ഫോമ ജനറൽ സെക്രട്ടറി ജോൺ സി.വർഗീസ് നാഷണൽ യൂത്ത് ഫെസ്റ്റിവലിനെക്കുറിച്ചും, കൺവൻഷനെക്കുറിച്ചും വിശദീകരിച്ചു.

ലെജി പട്ടരുമഠം, പ്രസാദ്, സാം ജോർജ്, ഗ്ലാഡ്സ്റ്റൺ വർഗീസ്, പയസ് തോട്ടുകണ്ടം എന്നിവർ ആശംസകൾ അർപ്പിച്ചു. ദീപു കണ്ടാരപ്പള്ളിൽ നന്ദി പറഞ്ഞു.

ഫോമ കൺവൻഷന്റെ സെൻട്രൽ റീജിയനിലെ ആദ്യ റജിസ്ട്രേഷൻ ജോസ് പനങ്ങാടിൽ നിന്നും സ്വീകരിച്ചുകൊണ്ട് സിനിമാതാരം മേനക കിക്കോഫ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ജോൺ സി.വർഗീസ് (സലിം), ജോസി കുരിശിങ്കൽ എന്നിവർ ചേർന്ന് സ്റ്റാൻലി കളരിക്കമുറി, പയസ് തോട്ടുകണ്ടം, സാം ജോർജ്, ബെന്നി വാച്ചാച്ചിറ, ഗ്ലാഡ്സ്റ്റൺ വർഗീസ്, പ്രസാദ്, ദീപു കണ്ടാരപ്പള്ളി, ജോസി കുരിശിങ്കൽ, ഇന്ത്യാന മലയാളി അസോസിയേഷൻ പ്രതിനിധികളായ റെജിമോൻ വർഗീസ്, അശോക് പിള്ള എന്നിവരിൽ നിന്നും റജിസ്ട്രേഷൻ സ്വീകരിച്ചു.

യൂത്ത് ഫെസ്റ്റിവൽ വിജയികൾക്ക് സിനിമാതാരം മേനക സമ്മാനങ്ങൾ വിതരണം ചെയ്തു. സ്റ്റാൻലി കളരിക്കമുറി പരിപാടികൾ നിയന്ത്രിച്ചു. സമ്മേളനത്തിനുശേഷം വിവിധ കലാപരിപാടികൾ നടന്നു. തുടർന്നു വിഭവസമൃദ്ധമായ സ്നേഹവിരുന്നും ഉണ്ടായിരുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ജോസി കുരിശിങ്കൽ 773 478 4357, ജോസ് പനങ്ങാട് 630 719 1858, ഗ്ലാഡ്സ്റ്റൺ വർഗീസ് 84 648 3300.

# സി.ബി.ഐ കുറ്റപത്രം സമർപ്പിച്ചു



**കൊച്ചി:** എസ്.എൻ.സി ലാവ്ലിൻ കേസിൽ മുൻ വൈദ്യുതി മന്ത്രിയും സി.പി.എം. സംസ്ഥാന സെക്രട്ടറിയുമായ പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ സംസ്ഥാന ഗവർണ്ണർ ആർ.എസ്.ഗവായ് അനുമതി നൽകിയതിനെ തുടർന്ന് സി.ബി.ഐ. പിണറായി വിജയനെ ഏഴാം പ്രതിയാക്കി കുറ്റപത്രം സമർപ്പിച്ചു. ഇതിനെതിരെ സംസ്ഥാനത്ത് തിങ്കളാഴ്ച സി.പി.എം. കരിദിനം ആചരിച്ചു പ്രതിഷേധിച്ചു.

രാഷ്ട്രീയമായും നിയമപരമായും ഇതിനെ നേരിടുമെന്ന് പാർട്ടിയുടെ പ്രസ്താവനയിൽ പറയുന്നു.

ഗവർണ്ണറുടെ നടപടി ഭരണഘടനാ ലംഘനമാണെന്ന് വി.ആർ.കൃഷ്ണയ്യരെപോലെയുള്ള നിയമവിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുമ്പോൾ ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള വിവേചനാധികാരമാണ് ഗവർണർ ഉപയോഗിച്ചതെന്ന് മുൻ ഇന്ത്യൻ അംബാസിഡർ ടി.പി.ശ്രീനിവാസനെപ്പോലെയുള്ളവരും അഭിപ്രായപ്പെടുന്നു. അനുകൂലിക്കുന്ന രണ്ടു വിധികളും പ്രതികൂലിക്കുന്ന ഒരു വിധിയും സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുണ്ടെന്നും നിയമജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നു.

മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഗവർണറുടെ നടപടിയെ പരോക്ഷമായി അനുകൂലിച്ചതിനെ തുടർന്ന് മന്ത്രിസഭയിൽ ഭിന്നഭിപ്രായങ്ങൾ ഉണ്ടായി എങ്കിലും ദേശീയ നേതാക്കളുടെ അനുമതി ലഭിക്കാത്ത സഹചര്യത്തിൽ പ്രതിഷേധം വാക്കുകളിൽ മാത്രം ഒതുങ്ങി.

മുഖ്യമന്ത്രിയെ മാറ്റണമെന്നുള്ള ആവശ്യങ്ങൾ ഉയർന്നത് മാധ്യമ സൃഷ്ടിയാണെന്ന് പാർട്ടി പത്രക്കുറിപ്പിൽ പറയുന്നു.

ഗവർണർക്കെതിരെ കോടതിയെ സമീപിക്കാനും വി.എസിനെതിരെ പോളിറ്റ് ബ്യൂറോയിൽ പരാതി സമർപ്പിക്കുവാനും കഴിഞ്ഞ ദിവസം കൂടിയ പാർട്ടി സെക്രട്ടറിയേറ്റിൽ തീരുമാനമുണ്ടായി.

374.5 കോടി രൂപയുടെ കരാറിൽ സർക്കാരിനു വൻ നഷ്ടമുണ്ടാക്കിയതായിട്ടാണ് കണ്ടെത്തൽ. മലബാർ കാൻസർ സെന്ററിനു ലാവ്ലിൻ കമ്പനി വാഗ്ദാനമായ 98.3 കോടി രൂപയും ഇന്ത്യയിലെത്തിയെന്നാണ് സി.ബി.ഐയ്ക്ക് ലഭിച്ച വിവരം. ഈ തുക ലഭിക്കാൻ വേണ്ടി മാത്രമാണ് സംസ്ഥാന ഖജനാവിനു കോടികൾ നഷ്ടപ്പെടുത്തിയ സപ്ലൈ കരാറിൽ ചട്ടങ്ങൾ ലംഘിച്ച് ഒപ്പുവയ്ക്കാൻ തയ്യാറായതെന്ന് സി.ബി.ഐ. കരുതുന്നു.

# പ്രവാസി മലയാളി കുടുംബ സംഗമം

**ദുബായ്:** എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരുമായ പ്രവാസി മലയാളികളുടെ സാംസ്കാരിക കുടുംബസംഗമം ആഗസ്റ്റ് അവസാനവാരത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നു.

പ്രമുഖ രാഷ്ട്രീയ നേതാക്കളും ചലച്ചിത്ര പ്രവർത്തകരും സാഹിത്യകാരന്മാരും പങ്കെടുക്കുന്ന ഈ ഏകദിന സാംസ്കാരിക സംഗമത്തിൽ പ്രവാസി എഴുത്തുകാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സ്വന്തം രചനകൾ വായിച്ച് ചർച്ച ചെയ്യാനും കലാപരിപാടികൾ അവതരിപ്പിക്കാനും അവസരമൊരുക്കും.

പങ്കെടുക്കാൻ താല്പര്യമുള്ളവർ ജി.എസ്.ജോയി, ജനറൽ സെക്രട്ടറി, പ്രമാക്, ദുബായ്.

ഫോൺ 00971 505243068.

email: pravasi malayalee 2008@ gmail.com എന്ന വിലാസത്തിൽ ജൂൺ 20നു മുമ്പ് രജിസ്റ്റർ ചെയ്യണമെന്ന് ഭാരവാഹികൾ അറിയിക്കുന്നു.

ടൈംസ് ഓഫ് അമേരിക്ക
എല്ലാ ശനിയാഴ്ചകളിലും പ്രസിദ്ധീകരിക്കുന്നു
വാർത്തകളും ചിത്രങ്ങളും, കാര്യമാത്രപ്രസക്തമായ വിഷയങ്ങൾ അവതരിപ്പിക്കുന്ന ലേഖനങ്ങളും, കഥ, കവിത തുടങ്ങിയ സാഹിത്യസൃഷ്ടികളും പ്രസിദ്ധീകരിക്കുന്നതിനായി ക്ഷണിക്കുന്നു. അയയ്ക്കേണ്ട വിലാസം
e-mail: timesofamerica@gmail.com
georgethazhakara@gmail.com
Tell: 267-991-2111
India: 94473 55710

# മാപ് ഷട്ടിൽ ടൂർണമെന്റ് ജൂൺ 20ന് ഫിലദൽഫിയയിൽ

**ഫിലദൽഫിയ:** മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലദൽഫിയ (മാപ്) യുടെ ആഭിമുഖ്യത്തിൽ രണ്ടാമത് ഷട്ടിൽ ടൂർണമെന്റ് ജൂൺ 20ന് ഫിലദൽഫിയയിൽ നടക്കും.

രാവിലെ എട്ടു മുതൽ രാത്രി എട്ടുവരെ ക്രൂസ് ടൗണിലുള്ള നോർത്ത് ഈസ്റ്റ് റാക്കറ്റ് ക്ലബിൽ വച്ചാണ് മത്സരങ്ങൾ.

കഴിഞ്ഞ വർഷത്തെ ടൂർണമെന്റ് വിജയമായതാണ് രണ്ടാമതും ടൂർണമെന്റ് സംഘടിപ്പിക്കുവാൻ പ്രചോദനമായതെന്ന് ടൂർണമെന്റ് കമ്മറ്റി ചെയർമാൻ സാബു സ്കറിയ പറഞ്ഞു.

ന്യൂയോർക്ക്, ന്യൂജേഴ്സി, വാഷിംഗ്ടൺ, ഫിലദൽഫിയ എന്നിവിടങ്ങളിൽ നിന്നുമായി ഇരുപതിൽ പരം ടീമുകൾ മത്സരത്തിൽ പങ്കെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു. വിജയികൾക്ക് ട്രോഫികളും മറ്റു പുരസ്കാരങ്ങളും നൽകും.

നോർത്ത് ഈസ്റ്റ് റാക്കറ്റ് ക്ലബിന്റെ വിശാലമായ ഇൻഡോർ സ്റ്റേഡിയത്തിൽ ഒരേ സമയം അഞ്ചു മത്സരങ്ങൾ നടത്തുവാനുള്ള ക്രമീകരണങ്ങളാണുള്ളത്. ടൂർണമെന്റിന്റെ വിജയകരമായ നടത്തിപ്പിനായി സാബു സ്കറിയ (ചെയർമാൻ), രാജൻ ടി.നായർ (പ്രസിഡന്റ്) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു. ടൂർണമെന്റിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.

സാബു സ്കറിയ 267 685 1069, രാജൻ സി.നായർ 215 698 8205, ഷാജി ജോസഫ് 215 856 9204, ബിനു നായർ 215 698 8205, ബിനു ജോസഫ് 215 904 5472, തോമസ് എം.ജോർജ് 215 677 6954.

# മാർത്തോമ യുവജനസഖ്യം കോൺഫറൻസ്, റജിസ്ട്രേഷൻ കിക്കോഫ് നടത്തി



എ.സി.ജോർജ്

**ന്യൂയോർക്ക്:** മാർത്തോമ യുവജനസഖ്യത്തിന്റെ നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിന്റെ പതിനൊന്നാമത് നാഷനൽ കോൺഫറൻസിന്റെ റജിസ്ട്രേഷൻ കിക്കോഫ് നടന്നു.

ആദ്യ റജിസ്ട്രേഷൻ ഭദ്രാസന യുവജനസഖ്യം സെക്രട്ടറി സന്തോഷ് ഏബ്രഹാമിൽ നിന്ന് സ്വീകരിച്ചുകൊണ്ട് ഭദ്രാസന സെക്രട്ടറി റവ.ബിജു എസ്.ചെറിയാൻ കിക്കോഫ് നിർവ്വഹിച്ചു.

ന്യൂയോർക്ക് ലോംഗ് ഐലന്റ് മാർത്തോമ പള്ളിയിൽ കൂടിയ സമ്മേളനത്തിൽ റവ. സന്തോഷ് തോമസ്, കോൺഫറൻസ് ജനറൽ കൺവീനർ ഷാജു സാം, ഭദ്രാസന യുവജനസഖ്യം നേതാക്കളായ ബിജു ചാക്കോ, റെജി ജോർജ്, സാബു ലൂക്കോസ്, ജോർജ് വർഗീസ്, ബാബു എന്നിവരും, കോൺഫറൻസ് കമ്മറ്റി അംഗങ്ങളും പങ്കെടുത്തു.

ഒക്ടോബർ 9 മുതൽ 11 വരെ നടക്കുന്ന നാഷനൽ കോൺഫറൻസിന്റെ മുഖ്യവിഷയം മത തീവ്രവാദത്തോടുള്ള ക്രൈസ്തവ സമീപനം എന്നതാണ്.

ഭദ്രാസന എപ്പിസ്കോപ്പ, റൈറ്റ് റവ.ഡോ.ഗീവറുഗീസ് മാർ തിയോഡോഷ്യസ് എപ്പിസ്കോപ്പാ, റവ.ഡോ.മാർട്ടിൻ അൽഫോൻസ്, റവ.വിനോയ് ഡാനിയൽ എന്നിവർ കോൺഫറൻസിന് നേതൃത്വം നൽകും. ഒക്ടോബർ 9ന് കോൺഫറൻസ് വേദിയിൽ ഭദ്രാസന കലാമേളയും നടക്കും. കൂടുതൽ വിവരങ്ങൾക്ക്: റവ.സന്തോഷ് തോമസ് 516 208 3523, ഷാജു സാം 516 448 1283.

# പ്രഭാകരനെ കൊല്ലുന്നതിനു മുമ്പ് സൈന്യം പീഡിപ്പിച്ചിരുന്നു



**ന്യൂഡൽഹി:** എൽ.ടി.ടി.ഇ നേതാവ് വേലുപ്പിള്ള പ്രഭാകരനെ ശ്രീലങ്കൻ സേന കൊല്ലും മുമ്പു തന്നെ പിടികൂടി പീഡിപ്പിച്ചിരുന്നുവെന്ന് പ്രമുഖ മനുഷ്യാവകാശ സംഘടനയായ യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഫോർ ഹ്യൂമൻ റൈറ്റ്സിന്റെ (യു.ടി.എച്.ആർ) റിപ്പോർട്ടിൽ വെളിപ്പെടുത്തുന്നു.

മന്ത്രിയായ തമിഴ് രാഷ്ട്രീയ പ്രവർത്തകന്റെയും ഒരു ജനറലിന്റെയും സാന്നിധ്യത്തിൽ സൈന്യത്തിന്റെ അമ്പത്തിമൂന്നാം ഡിവിഷൻ ആസ്ഥാനത്തുവച്ചായിരുന്നു പീഡനം നടന്നത്. പന്ത്രണ്ടു വയസ്സുള്ള ഇളയ മകൻ ബാലചന്ദ്രനെ പ്രഭാകരന്റെ കൺമുന്നിൽവച്ചാണ് കൊലപ്പെടുത്തിയത്. യുദ്ധരഹിത മേഖലയിൽ ഉണ്ടായിരുന്ന എൽ.ടി.ടി.ഇക്കാരെ കൂട്ടക്കൊല ചെയ്തിരുന്നുവെന്നും റിപ്പോർട്ടിന്റെ നാല്പത്തിയെട്ടാം പേജിൽ പറയുന്നു.

മെയ് 18ന് മുല്ലത്തീവിലെ തുരുത്തിൽവച്ച് പ്രഭാകരനെ വെടിവച്ചുകൊല്ലുകയായിരുന്നുവെന്നായിരുന്നു ശ്രീലങ്കൻ സർക്കാരിന്റെ ആദ്യറിപ്പോർട്ട്.

അതിനും ദിവസങ്ങൾക്കു മുമ്പുതന്നെ പ്രഭാകരനെയും കൂട്ടുസംഘത്തെയും പിടികൂടിയിരുന്നുവെന്നാണ് ഒടുവിലത്തെ വെളിപ്പെടുത്തൽ.

അടുത്ത അനുയായികളായിരുന്ന ബേബി സുബ്രഹ്മണ്യം, കരികാലൻ, യോഗരത്നം, യോഗി, ലോറൻസ് തിലകർ, വി.ബാലകുമാർ, ഇളംപരിത്തി, ഏലിലൻ എന്നിവർ സൈന്യത്തിന്റെ കസ്റ്റഡിയിലുണ്ടായിരുന്നുവെന്നും അന്തിമ യുദ്ധത്തിൽ പ്രഭാകരൻ സയനൈഡ് ഗുളിക ശരീരത്തിൽ സൂക്ഷിച്ചിരുന്നില്ലായെന്നും യു.ടി.എച്.ആർ റിപ്പോർട്ടിൽ പറയുന്നുണ്ട്.

# ലാൻസിംഗിൽ മലയാളി വീട്ടമ്മയും രണ്ടു മക്കളും മരിച്ചനിലയിൽ

**മിഷിഗൺ:** ലാൻസിംഗിൽ ഡൽറ്റാ ടൗൺഷിപ്പിലെ അപ്പാർട്ട്മെന്റിൽ പാലാ പ്ളാന്തര കുടുംബാംഗമായ ബ്രിജിത്താമ്മ (40), അൽവിലൻ(10), ആൽഫ്രഡ്(5) എന്നിവരെ മരിച്ചനിലയിൽ കണ്ടെത്തി.

ഭർത്താവ് ഷാജിമോൻ ജോലി കഴിഞ്ഞ് വസതിയിൽ എത്തിയപ്പോഴായിരുന്നു മൂന്നു പേരേയും മരിച്ചനിലയിൽ കണ്ടെത്തിയത്.

സ്പാരോ ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തിയെങ്കിലും മരണകാരണം വ്യക്തമായിട്ടില്ല. ജീവനൊടുക്കുവാനാണ് സാധ്യതയെന്നു പോലീസ് കരുതുന്നു. ടോക്സിക്കോളജി റിപ്പോർട്ട് കൂടി ലഭിച്ചെങ്കിലേ മരണകാരണം വ്യക്തമാകുകയുള്ളു.

പാലാ പരമ്പിൽ കുടുംബാംഗമായ ഷാജിക്ക് ഐ.ടി കമ്പനിയിലാണ് ജോലി.

ബ്രിജിത്താമ്മ നഴ്സിംഗ് പഠനം പൂർത്തിയാക്കിയിരുന്നു. പതിമൂന്നു വർഷം മുമ്പായിരുന്നു ഇവരുടെ വിവാഹം. സംസ്കാരം വ്യാഴാഴ്ച ലാൻസിംഗിൽ നടന്നു.

# ചൈനയിൽ ഇന്ത്യൻ വ്യാജനിർമ്മിത മരുന്ന്

**ന്യൂഡൽഹി:** ചൈനയിൽ നിർമ്മിക്കുന്ന ഔഷധങ്ങളിൽ 'മെയ്ഡ് ഇൻ ഇന്ത്യ' ലേബലിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ വിറ്റഴിക്കുന്നതിനെതിരെ ഇന്ത്യ ശക്തമായ പ്രതിഷേധം ചൈനീസ് ഗവൺമെന്റിനെ അറിയിച്ചു.

തട്ടിപ്പ് നടത്തുന്ന ചൈനീസ് കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടു.

നൈജീരിയയിൽ നടത്തിയ പരിശോധനയിലാണ് തട്ടിപ്പിന്റെ കഥ പുറത്തുവരുന്നത്. മലമ്പനിക്കുള്ള മരുന്നുകളാണ് വ്യാജനിർമ്മിതമായി വിറ്റഴിക്കുന്നത്.

കുറഞ്ഞ വിലയും ഉയർന്ന ഗുണനിലവാരവുമുള്ള ഇന്ത്യൻ നിർമ്മിത മരുന്നുകൾക്ക് പല വിദേശരാജ്യങ്ങളിലും പ്രിയമേറുന്നതിനാലാണ് ഇത്തരത്തിലുള്ള വ്യാജനിർമ്മിതമായ മരുന്നുകൾ വിറ്റഴിക്കുവാൻ ശ്രമിക്കുന്നത്.

480 കോടി ഡോളറിന്റെ ഔഷധങ്ങളാണ് ഇന്ത്യ പ്രതിവർഷം വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നത്.


## St. Thomas Indian Orthodox Church

**1009 Unruh Avenue, Philadelphia, PA 19111**

**Rental space available**

1. **Community Hall**: Seating for 1000persons in auditorium style for community functions.

   Seating for 600 persons in banquet style, beautiful ambience, serving counters, kitchens, and furniture.

2. **Sanctuary:** For special occasions such as wedding, baptism, etc. An excellent Orthodox Architectural masterpiece Altar with efficient PA system, elevated stage, etc. Seating 550 persons.

3. **Chapel**: Can hold approximately 100 persons, serene atmosphere, ideal for small communities, time flexibility, cozy atmosphere.

4. **Other Rooms**: Facility for workshops, entrepreneurial classes, training programs, spiritual fellowships, small parties for birthday, anniversary etc.

**Amenities**: 40 designated parking spaces and amble street parking. Four sets of restrooms, open foyers, coatrooms, bridal rooms, etc. Reasonable rent, fully air-conditioned, convenient location, friendly neighborhood, and more.

***For more information contact:***

(215) 342-1500. Fax your needs to (215) 342-2700

| Vicar | Secretary | Treasurer |
|---|---|---|
| Rev. Fr. M. K. Kuriakose | John Panicker | Mathew George |

സി.രാധാകൃഷ്ണൻ

# എന്റെ ആദ്യത്തെ കഥ



**ഞാൻ** കഥയെഴുതി തുടങ്ങിയിട്ട് അറുപതു വർഷം കഴിഞ്ഞു. എന്റെ ജീവിതത്തിൽ എഴുതിയ ആദ്യത്തെ കഥ അച്ചടിച്ചിട്ടില്ല. പൂർത്തിയാകാത്ത ആ കഥയ്ക്ക് പക്ഷെ മറക്കാനാവാത്ത പ്രതിഫലം കിട്ടി. ചൂരൽകൊണ്ട് ഓരോ തുടയിലും ഈരണ്ട് അടി.

